09-12-2024

## പത്രക്കുറിപ്പ്

## ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ബിനു പുഞ്ചക്കരിക്ക് ഫൈബർ ബോട്ട് കൈമാറി

വെള്ളായണി കായലിലും സമീപ ജലാശയങ്ങളിലും പ്രതിഫലേച്ഛയില്ലാതെ സ്വമേധയാ ശുചീകരണ പ്രവർത്തനത്തിലേർപ്പെട്ടു വരുന്ന പ്രദേശവാസിയായ ബിനു പുഞ്ചക്കരിക്ക് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ യംഗ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്റർ നൽകിയ ഫൈബർ ബോട്ട് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ കൈമാറി. പരിസ്ഥിതി പുനസ്ഥാപനത്തിനും ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലും നിസ്വാർത്ഥ സേവനം നൽകുന്നവരെ പ്രോത്സാഹിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടത് സമൂഹത്തിന്റെ കടമയാണെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്ത ഡോ. ടി.എൻ. സീമ പറഞ്ഞു. വെള്ളായണി കായലിന്റെ സ്വാഭാവിക ഭംഗി വീണ്ടെടുക്കാനുള്ള ശ്രമത്തിൽ ബിനുവിന്റെ സേവനം പ്രശംസനീയമാണ്. ഹരിതകേരളം മിഷൻ ഹെഡ് ഓഫ് അക്കൗണ്ടിൽ ജലസേചന വകുപ്പിന് അനുവദിച്ച തുക ചെലവഴിച്ച് നടപ്പാക്കുന്ന വെള്ളായണിക്കായൽ പുനരുജ്ജീവന പദ്ധതി പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്ന് ഡോ. ടി.എൻ. സീമ അറിയിച്ചു.

കല്ലിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. സോമശേഖരൻ നായർ ചടങ്ങിൽ അധ്യക്ഷനായി. ജനകീയ പങ്കാളിത്തവും പ്രദേശവാസികളുടെയും സന്ദർശകരുടെയും സഹകരണവും കായൽ വീണ്ടെടുക്കലിന് അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. ഫൈബർ ബോട്ട് ലഭിച്ചതിൽ സന്തോഷവും നന്ദിയും അറിയിച്ച ബിനു പുഞ്ചക്കരി താൻ ശേഖരിച്ച പാഴ്‌വസ്തുക്കൾ കൊണ്ട് നിർമ്മിച്ച ഉൽപന്നങ്ങൾ ചടങ്ങിൽ പ്രദർശിപ്പിച്ചു. വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ശ്രീകുമാർ, പുഞ്ചക്കരി വാക്കേഴ്സ് സെക്രട്ടറി മുകേഷ്, യംഗ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്റർ പ്രതിനിധി ശങ്കരി ഉണ്ണിത്താൻ, നവകേരളം കർമപദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി. സുധാകരൻ, പുഞ്ചക്കരി വാക്കേഴ്സ് പ്രതിനിധി നിഷ ഹമീദ് തുടങ്ങിയവർ സംസാരിച്ചു. പ്രദേശത്ത് പ്രഭാത സവാരിക്കെത്തുന്ന പുഞ്ചക്കരി വാക്കേഴ്സ്, സ്ഥലത്തെത്താറുള്ള പക്ഷി നിരീക്ഷകർ, ജനപ്രതിനിധികൾ, പരിസ്ഥിതി പ്രവർത്തകർ, രാഷ്ട്രീയ സാമൂഹ്യ സംഘടനാ പ്രവർത്തകർ, പൊതുജനങ്ങൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിലാണ് ചടങ്ങ് സംഘടിപ്പിച്ചത്.

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായാണ് സന്നദ്ധപ്രവർത്തകനായ ബിനു പുഞ്ചക്കരിക്ക് ഫൈബർ ബോട്ട് നൽകിയത്. വെള്ളായണി കായൽ തീരത്ത് വിനോദ സഞ്ചാരത്തിനെത്തുന്നവരുൾപ്പെടെയുള്ളവർ കായലിലേക്കും സമീപ ജലാശയങ്ങളിലേക്കും വലിച്ചെറിയുന്ന പ്ലാസ്റ്റിക് കുപ്പികളും പാഴ്‌വസ്തുക്കളും പുലർച്ചെ മുതൽ വാരിയെടുത്ത് സംസ്കരണത്തിനായി കൈമാറുകയാണ് പ്രദേശവാസിയായ ബിനു. വെൽഡിംഗ് വർക്ക്ഷോപ്പ് പണിയെടുക്കുന്ന ബിനു പാഴ്‌വസ്തുക്കൾ കൊണ്ട് സ്വന്തമായുണ്ടാക്കിയ താൽക്കാലിക വഞ്ചിയിലാണ് പുലർച്ചെ മുതൽ കായൽ ശുചീകരണത്തിനിറങ്ങുന്നത്. ഇതിനു പുറമെ ജോലി കഴിഞ്ഞുള്ള സമയവും ബിനു ഈ പ്രവൃത്തിയിലേർപ്പെടുക പതിവാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**9447587632**